## വഴിവെളിച്ചം

# മാതാപിതാക്കൾ സ്വർഗത്തിന്റെ താക്കോലുകൾ

عن عبد الله بن عمرو بن العاصى رضى الله عنه قال: أَقْبَلَ رَجلٌ إِلَى رَسُول الله ﷺ فَقَالَ: أُبَايِعُكَ عَلَى الْهِجْرَة وَالْجِهَاد أَبْتَغِى الأَجْرَ مِنَ اللّه قَالَ فَهَلْ مِنْ وَالِدَيْكَ أَحَدٌ حَيٌّ؟ قَالَ: نَعَمْ بَلْ كِلاَهُمَا قَالَ: فَتَبْتَغَى الأَجْرَ مِنَ اللّه قَالَ: نَعَمْ. قَالَ: فارْجَعْ إِلَى وَالِدَيْكَ فَأَحْسِنْ صُحْبَتَهُمَا

(صحيح مسلم– كتاب البِرّ والصلة والأدب)

**അബ്ദുല്ലാഹിബ്നു അംറുബ്നു ആസി(റ)ൽനിന്ന്: ഒരിക്കൽ ഒരാൾ നബി(സ)യുടെ സന്നിധിയിൽ വന്നു പറഞ്ഞു: 'അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ച് പലായനം ചെയ്യാമെന്നും ദൈവമാർഗത്തിൽ യുദ്ധത്തിനു പുറപ്പെടാമെന്നും ഞാൻ അങ്ങയോട് പ്രതിജ്ഞ ചെയ്യുന്നു.' നബി(സ) ചോദിച്ചു: 'താങ്കളുടെ മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ?' അയാൾ: 'അതേ! രണ്ടു പേരും ജീവിച്ചിരിപ്പുണ്ട്.' നബി(സ): 'അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചാണല്ലോ താങ്കൾ വന്നത്?' അയാൾ: 'അതെ.' നബി(സ): 'എങ്കിൽ നീ നിന്റെ മാതാപിതാക്കളുടെ അടുത്തേക്ക് മടങ്ങിപ്പോവുക. അവരോടുള്ള സഹവാസം നന്നാക്കിത്തീർക്കുക.'**

**അല്ലാഹുവും** അവന്റെ പ്രവാചകനും കഴിഞ്ഞാൽ പിന്നെ ഒരു വിശ്വാസിക്ക് ഏറ്റവും കൂടുതൽ കടപ്പാടുകളും ബാധ്യതകളുമുള്ളത് അവന്റെ മാതാപിതാക്കളോടാണ്. ദൈവാരാധന പോലെ പ്രധാനമാണ് മാതാപിതാക്കളോടുള്ള സൽപെരുമാറ്റവും. ഖുർആനിൽ പലയിടങ്ങളിലും അല്ലാഹുവിന് ഇബാദത്ത് ചെയ്യണമെന്ന് പറഞ്ഞ ഉടനെത്തന്നെ മാതാപിതാക്കളോട് നന്മ ചെയ്യണമെന്നും കൽപിക്കുന്നത് കാണാം. മാതാപിതാക്കളെ ഒരു ഘട്ടത്തിലും വിസ്മരിക്കാനോ അവഗണിക്കാനോ പാടില്ലെന്നർഥം. തീർത്താൽ തീരാത്ത കടപ്പാടുകളാണ് ഓരോരുത്തനും തന്റെ മാതാപിതാക്കളോടുള്ളത്.

മാതാപിതാക്കളെ വെറുപ്പിക്കുന്നതും അവരുടെ അനിഷ്ടം സമ്പാദിക്കുന്നതും അല്ലാഹുവിന്റെ കോപം ക്ഷണിച്ചുവരുത്തുന്ന ഗുരുതരമായ പാതകങ്ങളാണ്. ദൈവപ്രീതി നേടിയെടുക്കണമെങ്കിൽ മാതാപിതാക്കളുടെ ഇഷ്ടം നേടിയെടുത്തേ മതിയാവൂ. നബി(സ) പറഞ്ഞു: "മാതാപിതാക്കളെ അനുസരിച്ചും പ്രീതിപ്പെടുത്തിയുമാണ് ഒരാൾക്ക് പ്രഭാതമാവുന്നതെങ്കിൽ അയാൾക്കുവേണ്ടി സ്വർഗലോകത്തേക്ക് രണ്ട് കവാടങ്ങൾ അല്ലാഹു തുറന്നുവെക്കും; അവരിൽ ഒരാളെയാണ് പ്രീതിപ്പെടുത്തുന്നതെങ്കിൽ ഒരു കവാടം തുറന്നുവെക്കും. മാതാപിതാക്കളുടെ അനിഷ്ടം സമ്പാദിച്ചുകൊണ്ടാണ് ഒരാൾ എഴുന്നേൽക്കുന്നതെങ്കിൽ അയാൾക്കുവേണ്ടി നരകലോകത്തേക്ക് രണ്ടു വാതിലുകൾ അല്ലാഹു തുറന്നുവെക്കും. അവരിൽ ഒരാളെയാണ് പ്രകോപിപ്പിക്കുന്നതെങ്കിൽ ഒരു കവാടവും!" ഒരാൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, അവർ അവനെ ഉപദ്രവിക്കുന്നവരാണെങ്കിലോ?" നബി(സ) പറഞ്ഞു: "അവർ അവനെ ഉപദ്രവിക്കുന്നവരാണെങ്കിലും ശരി! (മൂന്നു പ്രാവശ്യം അത് ആവർത്തിച്ചു)"- ബൈഹഖി.

പ്രായമാവുമ്പോൾ പലതരത്തിലും മാതാപിതാക്കൾ നിങ്ങളെ പ്രയാസപ്പെടുത്തിയെന്നുവരാം. അത്തരം സന്ദർഭങ്ങളിൽ അവരോട് കയർക്കുകയോ ദേഷ്യപ്പെടുകയോ അരുത്. അങ്ങേയറ്റത്തെ കാരുണ്യത്തോടും ക്ഷമയോടും കൂടി പെരുമാറുകയാണ് വേണ്ടത്. മാതാപിതാക്കളെ ഉപദ്രവിക്കുന്നത് മഹാപാപമാണെന്ന് നബി(സ) താക്കീത് ചെയ്തിരിക്കുന്നു. "വൻ പാപങ്ങളിൽ ഏറ്റവും ഗുരുതരം ഏതെന്ന് ഞാൻ പറയട്ടെ?" മൂന്നു വട്ടം നബി(സ) ചോദ്യം ആവർത്തിച്ചു. സ്വഹാബിമാർ പറഞ്ഞു: "അതെ". നബി(സ): "അല്ലാഹുവിൽ പങ്കുചേർക്കലും മാതാപിതാക്കളെ ദ്രോഹിക്കലും" (ബുഖാരി, മുസ്‌ലിം). മക്കളുടെ പീഡനം മൂലം മാതാപിതാക്കൾ കരയേണ്ടിവന്നാൽ അത് മഹാപാപമാണെന്ന് അബ്ദുല്ലാഹിബ്നു ഉമർ(റ) (ബുഖാരി- *അദബുൽ മുഫ്റദ്*).

മാതാപിതാക്കൾ മക്കൾക്കുവേണ്ടി സഹിച്ച വേദനയും കഷ്ടപ്പാടുമോർത്താൽ ആർക്ക് അവരെ ദ്രോഹിക്കാൻ മനസ്സ് വരും! ഒരു മാപിനിക്കും അളന്നുതിട്ടപ്പെടുത്താൻ കഴിയാത്തത്രയും പ്രയാസങ്ങൾ മാതാവ് കുഞ്ഞിനു വേണ്ടി സഹിക്കുന്നുണ്ട്. ഒരിക്കൽ പ്രവാചകനോട് ഒരാൾ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, മാംസം വീണാൽ വെന്തുപോവുന്ന തരത്തിൽ കഠിന ചൂടുള്ള മരുഭൂമിയിലൂടെ എന്റെ മാതാവിനെയും ചുമലിലേറ്റി ദീർഘദൂരം ഞാൻ യാത്ര ചെയ്തിട്ടുണ്ട്. അവരോടുള്ള ബാധ്യത ആ കർമത്തിലൂടെ ഞാൻ പൂർത്തീകരിച്ചുവോ?" നബി(സ) പറഞ്ഞു: "പ്രസവസമയത്ത് അവൾ നിനക്കുവേണ്ടി സഹിച്ച വേദനകളിൽ ഒന്നിന് ഒരുപക്ഷേ അത് പരിഹാരമായേക്കാം; അത്രമാത്രം!" (ത്വബ്റാനി, *മജ്മഉസവാഇദ്*). മാതാവിനെയും ചുമലിലേറ്റി കഅ്ബ ത്വവാഫ് ചെയ്യുന്ന ഒരാളെ ഇബ്നു ഉമർ(റ) കാണാനിടയായി. ത്വവാഫിനു ശേഷം അയാൾ ഇബ്നു ഉമറിനോട് ചോദിച്ചു: "ഈ പ്രവൃത്തി എന്റെ മാതാവ് എനിക്ക് ചെയ്ത സേവനങ്ങൾക്ക് പ്രത്യുപകാരമാവുമോ?" ഇബ്നു ഉമർ(റ) പറഞ്ഞു: "ഒരിക്കലുമില്ല. നിന്നെയോർത്ത് അവരിൽനിന്നുയർന്ന ഒരു നെടുവീർപ്പിന് പോലും അത് മതിയായിട്ടില്ല" (ബുഖാരി- *അദബുൽ മുഫ്റദ്*).

ദൈവമാർഗത്തിൽ എല്ലാം വെടിഞ്ഞുള്ള പലായനത്തേക്കാളും ജീവൻ തന്നെ സമർപ്പിക്കേണ്ടിവരുന്ന ധർമസമരത്തേക്കാളും പ്രധാനം ഒരാൾ തന്റെ മാതാപിതാക്കളെ പരിചരിക്കലാണെന്ന് മുകളിലുദ്ധരിച്ച ഹദീസ് ഓർമപ്പെടുത്തുന്നു. മാതാപിതാക്കളെ നിന്ദിക്കുകയും ഉപദ്രവിക്കുകയും അവരെ വൃദ്ധസദനങ്ങളിൽ തള്ളുകയും ചെയ്യുന്ന പുതിയ കാലത്ത് ഈ ഉദ്ബോധനങ്ങളുടെ പ്രസക്തി ഏറെ വർധിക്കുന്നു. ■

**ജഅ്ഫർ എളമ്പിലാക്കോട്**